<u>15 -ാം കേരള നിയമസഭ</u>

<u>8 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2250</u> <u>09-02-2023 - ൽ മറുപടിയ്ക്ക്</u>

<u>നഗരസഭകളുടെ മാതൃകാപരമായ പ്രവർത്തനം</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി എസ് സുപാൽ,<br>ശ്രീമതി സി. കെ. ആശ,<br>ശ്രീ. വി. ആർ. സുനിൽകുമാർ,<br>ശ്രീ. പി. ബാലചന്ദ്രൻ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | വികസന ക്ഷേമ വിഷയങ്ങളിൽ സംസ്ഥാനത്തെ നഗരസഭകളുടെ പ്രവർത്തനം രാജ്യത്തിനാകെ മാതൃകയാണെന്ന് വിലയിരുത്തുന്നുണ്ടോ; | (എ) | മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിലെ നഗരസഭകൾ ഭരണഘടന പ്രകാരം ഭരമേൽപ്പിച്ചിട്ടുള്ള ചുമതലകൾ നല്ല രീതിയിൽ നിർവഹിക്കുന്നതായി ബോധ്യപ്പെട്ടിട്ടുള്ളതാണ്. സംസ്ഥാന സർക്കാരിന്റെ പദ്ധതി വിഹിതത്തിന്റെ 27.1% തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴിയാണ് ചെലവഴിക്കുന്നത്. കേരളത്തിലെ എല്ലാ നഗരസഭകളും വാർഷിക പദ്ധതികൾ തയ്യാറാക്കി ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം വാങ്ങി സമഗ്ര വികസനം ലക്ഷ്യമാക്കിയുള്ള പദ്ധതികൾ ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ പിന്തുണയോടെ കഴിഞ്ഞ 25 വർഷമായി ഏറ്റെടുത്തു നടപ്പിലാക്കി വരികയാണ്.<br><br>നഗര ദരിദ്രർക്കായി ആദ്യമായി തൊഴിലുറപ്പ് പദ്ധതി നടപ്പാക്കിയ സംസ്ഥാനമാണ് കേരളം. 2010 മുതൽ അ യ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി എന്ന പേരിൽ നഗര ദരിദ്രർക്ക് വേണ്ടിയുള്ള തൊഴിലുറപ്പ് നടപ്പിലാക്കി വരുന്നു. സമഗ്ര മാലിന്യ സംസ്കരണം എന് ന ലക്ഷ്യം കൈവരിക്കുന്നതിലേക്കായി ലോകബാങ്കിന്റെ സഹായത്തോടെ 300 മില്യൻ യു.എസ്. ഡോളറിന്റെ കേരള ഖരമാലിന്യ പരിപാലന പദ്ധതി എന്ന പേരിൽ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരികയാണ്. |
| (ബി) | തൊഴിലും വരുമാനവും കണ്ടെത്തുന്നതിനാവശ്യമായ ഇടപെടലുകളുടെ കാര്യത്തിലും വ്യവസായ വകുപ്പുമായി സഹകരിച്ച് സംരംഭങ്ങൾ ആരംഭിക്കുന്നതിലും കേരളത്തിലെ നഗരസഭകൾ മികച്ച പ്രവർത്തനം കാഴ്ചവെച്ചിട്ടുണ്ടോ; | (ബി) | വ്യവസായ വകുപ്പുമായി സഹകരിച്ച് പ്രാദേശിക സാമ്പത്തിക വികസനം എന്ന സമഗ്രമായ കാഴ്ചപ്പാട് ലക്ഷ്യമിട്ട് ഒരു ലക്ഷം പേർക്ക് തൊഴിൽ എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. ഇതിന്റെ ഭാഗമായി വ്യാവസായ വകുപ്പിൽ നിന്നും എല്ലാ നഗരസഭകളിലും ഒരു ഇന്റേണിനെ നിയമിക്കുകയും അവർക്ക് ആവശ്യമായ കമ്പ്യൂട്ടർ, അനുബന്ധ |

| | | | |
|---|---|---|---|
| | | | സൗകര്യങ്ങൾ എന്നിവ നൽകുകയും ചെയ്തിട്ടുണ്ട്. സംരംഭകർക്ക് ആവശ്യമായ സഹായങ്ങൾ ചെയ്യുന്നതിന് വേണ്ടി ഹെൽപ്പ് ഡെസ്കുകൾ സ്ഥാപിക്കുകയും ഭൂരിഭാഗം നഗരസഭകളിലും ലോൺ/ ലൈസൻസ് മേള സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | തൊഴിലുറപ്പ് പദ്ധതി ഗ്രാമീണ മേഖലയിൽ മാത്രമെന്ന രീതിക്ക് പകരം രാജ്യത്ത് ആദ്യമായി നഗര മേഖലകളിലും തൊഴിലുറപ്പ് പദ്ധതി നടപ്പിലാക്കുന്നതിന് കേരളം തുടക്കം കുറിച്ചിട്ടുണ്ടോ; | (സി) | ഉണ്ട്. 2010 മുതൽ അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി എന്ന പേരിൽ നഗര ദരിദ്രർക്ക് വേണ്ടിയുള്ള തൊഴിലുറപ്പ് പദ്ധതി നടപ്പിലാക്കി വരുന്നു. |
| (ഡി) | നഗര മേഖലകളിൽ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി കൂടുതൽ ആസ്തികൾ സൃഷ്ടിക്കുന്നതിനും ഉല്പാദന മേഖലകൾ ശക്തിപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിക്കുമോ? | (ഡി) | നഗര മേഖലകളിൽ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി കൂടുതൽ ആസ്തികൾ സൃഷ്ടിക്കുന്നതിനും ഉല്പാദന മേഖലകൾ ശക്തിപ്പെടുത്തുന്നതിനും അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയിലൂടെ നടപടി സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ